ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 11.03.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് എൻ.ഡി.എ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. 10,800 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി കൊച്ചിയിൽ തുടക്കം കുറിച്ചു.

   **Prime Minister Narendra Modi said that the NDA government is committed to the welfare of fishermen. The Prime Minister launched development projects worth ₹10,800 crore in Kochi.**

2. ജലസംരക്ഷണം ഓരോ പൗരന്റേയും ഉത്തരവാദിത്തമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. വരും തലമുറകൾക്കും ജലം കരുതിവെക്കണമെന്നും രാഷ്ട്രപതി.

   **President Droupadi Murmu said that water conservation is the responsibility of every citizen. The President also said that water should be preserved for future generations.**

3. സ്പീക്കർ ഓം ബിർളയെ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന പ്രമേയം ലോക്സഭ തള്ളി. പാർലമെന്റിന്റെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

   **The Lok Sabha rejected the motion moved by the opposition seeking the removal of Speaker Om Birla. Both Houses of Parliament adjourned for the day.**

4. രാജ്യത്തിന്റെ ഇന്ധന വിതരണ ശൃംഖല സുരക്ഷിതമാണെന്ന് പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം. അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര സർക്കാരിന് കത്തയച്ചു.

The Ministry of Petroleum and Natural Gas said that the country's fuel supply chain is secure. Chief Minister Pinarayi Vijayan has written to the Union Government seeking urgent intervention.

5. **മികച്ച പ്രകടനം കാഴ്ചവെച്ചതിനുള്ള കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ പുരസ്കാരം നേടി കേരളത്തിൽ നിന്ന് അഞ്ച് പഞ്ചായത്തുകൾ.**

Five panchayats from Kerala have won the award for excellent performance by the Ministry of Panchayati Raj.

6. **ഛത്തീസ്ഗഡിലെ ആറ് ജില്ലകളിൽ നിന്ന് 108 നക്സലൈറ്റുകൾ കീഴടങ്ങിയതായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം.**

108 naxalites surrender across six districts of Chhattisgarh.

## PM KERALA (INTRO)

പശ്ചിമേഷ്യൻ സംഘർഷങ്ങളിൽ ആശങ്ക വേണ്ടെന്നും ഇന്ത്യൻ പൗരന്മാരുടെ സുരക്ഷ കേന്ദ്ര സർക്കാർ ഉറപ്പുവരുത്തുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രവാസികൾക്ക് 24 മണിക്കൂറും സഹായം നൽകുന്നുണ്ടെന്നും കലൂർ സ്റ്റേഡിയത്തിൽ എൻഡിഎ സമ്മേളനത്തെ അഭിസംബോധന ചെയ്യവെ പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്)

ധീവരസഭയുടെ സുവർണ ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവഹിച്ചു. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് എൻ.ഡി.എ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് അദ്ദേഹം പറഞ്ഞു. 2018 ലെ പ്രളയം നേരിടുന്നതിൽ മത്സ്യത്തൊഴിലാളികൾ കേരളത്തിന് നൽകിയ പിന്തുണയെ പ്രശംസിച്ചു. നേരത്തെ, കൊച്ചിയിലെ 10,800 കോടി രൂപയുടെ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കം കുറിച്ചു.

## PM- TN VISIT

കേരളം സന്ദർശിച്ചശേഷം തമിഴ്നാട്ടിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി 5,650 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തിരുച്ചിറപ്പള്ളിയിൽ

തുടക്കം കുറിച്ചു. രണ്ട് അമൃത് ഭാരത് ട്രെയിനുകൾ, രാമേശ്വരം-മംഗളൂരു, തിരുനെൽവേലി-മംഗളൂരു എക്സ്പ്രസ് ട്രെയിനുകൾ, മയിലാടുതുറൈ-കാരൈക്കുടി പാസഞ്ചർ എന്നിവ പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁❁

## PREZ - JAL SHAKTI

ജലസംരക്ഷണം ഓരോ പൗരന്റേയും ഉത്തരവാദിത്തമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിൽ ജൽ മഹോത്സവ് പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. വരും തലമുറകൾക്കും കൂടി കരുതിവെക്കുന്ന തരത്തിൽ അമൂല്യ സമ്പത്തായി ജലത്തെ കണക്കാക്കണമെന്നും ജലസംരക്ഷണം ജീവിതത്തിന്റെ ഭാഗമാക്കണമെന്നും ശ്രീമതി മുർമു പറഞ്ഞു. ഈ മാസം 8 ന് ആരംഭിച്ച ജൽ മഹോത്സവം മാർച്ച് 22-ന് സമാപിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## PARLIAMENT (INTRO)

സ്പീക്കർ ഓം ബിർളയെ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന പ്രമേയം ലോക്സഭ തള്ളി. സ്പീക്കർക്കെതിരെയുള്ള പ്രതിപക്ഷ ആരോപണം അടിസ്ഥാനരഹിതമാണെന്ന് ചർച്ചയ്ക്ക് നൽകിയ മറുപടിയിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പറഞ്ഞു.

(വോയിസ്)

തൻറെ പ്രസംഗം ഒന്നിലേറെ തവണ തടസ്സപ്പെടുത്താൻ സഭയിൽ ശ്രമം നടന്നതായി പറഞ്ഞ ലോക്സഭ പ്രതിപക്ഷനേതാവ് രാഹുൽഗാന്ധി, പാർലമെൻറ് ഏതെങ്കിലും കക്ഷികൾക്ക് മാത്രം സംസാരിക്കാനുള്ള ഇടമല്ലെന്നും ചൂണ്ടിക്കാട്ടി. അതെസമയം, ഗ്രാമവികസന മന്ത്രാലയത്തിൻറെ പ്രവർത്തനത്തെക്കുറിച്ചുള്ള ചർച്ചകൾക്ക് ശേഷം രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## SC PASSIVE EUTHANASIA

രാജ്യത്ത് ആദ്യമായി ദയാവധത്തിന് അനുമതി നൽകി സുപ്രീംകോടതി.12 വർഷമായി കോമയിൽ കഴിയുന്ന 32 കാരനായ ഉത്തർ പ്രദേശി ഹരീഷ് റാണയ്ക്കാണ് ദയാവധത്തിന് അനുമതി നൽകിയത്. ജീവൻ നിലനിർത്തി യിരുന്ന കൃത്രിമോപകരണങ്ങൾ മാറ്റി സ്വാഭാവിക മരണം സാധ്യമാക്കുന്ന തിനാണ് കോടതിയുടെ അനുമതി.

## PANCHAYATHEERAJ AWARD

കേരളത്തിലെ പെരുമ്പടപ്പ്, മീനങ്ങാടി, അളഗപ്പ നഗർ, വീയപുരം, ചെറുതന പഞ്ചായത്തുകൾക്കു കേന്ദ്ര പഞ്ചായത്തിരാജ് മന്ത്രാലയത്തിൻറെ അംഗീകാരം. കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻറെ ഭാഗമായി രാജ്യത്തെ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന പഞ്ചായത്തുകൾക്കാണ് അംഗീകാരം നൽകുന്നത്. ശിശു സൗഹൃദം, സ്വയം പര്യാപ്ത അടിസ്ഥാന സൗകര്യം, സദ്ഭരണം, കാർബൺ ന്യൂട്രൽ, ജലപര്യാപത തുടങ്ങിയ വിഭാഗങ്ങളിലാണ് അംഗീകാരം.

## CHATTISGARH - NAXALITES

ഛത്തീസ്ഗഡിലെ ആറ് ജില്ലകളിൽ നിന്ന് 108 നക്സലൈറ്റുകൾ കീഴടങ്ങിയതായി ആഭ്യന്തര മന്ത്രാലയം. ഇവരെ പിടികൂടുന്നതിന് മൂന്ന് കോടി 95 ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്നു. ബിജാപൂർ, ദന്തേവാഡ, സുക്മ, ബസ്തർ, നാരായൺപൂർ, കാങ്കർ തുടങ്ങിയ ജില്ലകളിൽ നിന്നാണ് നക്സലൈറ്റുകൾ കീഴടങ്ങിയത്.

## SIR

കേരളത്തിൽ ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്ത വർക്ക് പട്ടികയിൽ പേരു ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്ലിക്കേഷൻ വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെ പേര് ചേർക്കാം.

## S JAISHANKAR - WEST ASIA

പശ്ചിമേഷ്യൻ സംഘർഷം സംബന്ധിച്ച് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ ഇന്ന് ഫ്രഞ്ച് വിദേശകാര്യ മന്ത്രി ജീൻ-നോയൽ ബാരറ്റുമായി ചർച്ച നടത്തി. യൂറോപ്യൻ യൂണിയൻ പ്രതിനിധി കാജസ് കല്ലസുമായും ശ്രീ ജയശങ്കർ സംഘർഷത്തിന്റെ പ്രത്യാഘാതങ്ങളെ കുറിച്ച് ചർച്ച ചെയ്തു.

## WEST ASIA BRIEF (INTRO)

രാജ്യത്തിന്റെ ക്രൂഡ് ഓയിൽ ഇറക്കുമതിയുടെ 70 ശതമാനവും ഹോർമുസ് കടലിടുക്കിന് പുറത്തു നിന്നായതിനാൽ ഇന്ത്യയുടെ ഇന്ധന വിതരണ ശൃംഖല സുരക്ഷിതമാണെന്ന് പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയ ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ. പശ്ചിമേഷ്യയിലെ സാഹചര്യം സംബന്ധിച്ച മന്ത്രി തല സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അവർ. ന്യൂഡൽഹിയിൽ രാജ്യത്തെ ഗ്യാസ് കമ്പനികൾ പുതിയ സ്രോതസ്സുകളിൽ നിന്ന് പ്രകൃതിവാതക സംഭരണം ഉറപ്പാക്കിയിട്ടുണ്ടെന്നും ശ്രീമതി സുജാത ശർമ്മ പറഞ്ഞു.

( വോയിസ്...)

## CM - KERALA

പശ്ചിമേഷ്യൻ സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ രാജ്യത്തെ പാചകവാതക ലഭ്യതയെക്കുറിച്ച് ഗൗരവമായ ആശങ്കകൾ ഉയരുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ പാചക വാതക ക്ഷാമം അനുഭവപ്പെടുന്നതായി റിപ്പോർട്ടുകൾ പുറത്തുവരുന്നതായും അദ്ദേഹം പ്രസ്താവനയിൽ പറഞ്ഞു. ലഭ്യതയിലെ അനിശ്ചിതത്വം ഹോട്ടലുകളെയും റെസ്റ്റോറൻറുകളെയും ബാധിക്കുമെന്ന് ആശങ്ക ഉയരുന്നതായും അദ്ദേഹം ചൂണ്ടിക്കാട്ടി. ഈ സാഹചര്യത്തിൽ പാചകവാതകത്തിൻറെ മതിയായ ലഭ്യത ഉറപ്പാക്കാനും വിലവർധനയുടെ ആഘാതം കുറയ്ക്കാനും കേന്ദ്രസർക്കാർ അടിയന്തര ഇടപെടൽ നടത്തണമെന്നും മുഖ്യമന്ത്രി പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

## SERGIO GOR INDIA OIL

ആഗോള തലത്തിൽ എണ്ണവില സുസ്ഥിരമായി പിടിച്ചു നിർത്തുന്നതിൽ ഇന്ത്യ വഹിക്കുന്ന പങ്കിനെ അഭിനന്ദിച്ച് ഇന്ത്യയിലെ യുഎസ് അംബാസഡർ സെർജിയോ ഗോർ. റഷ്യയിൽ നിന്നും എണ്ണ വാങ്ങാനുള്ള തീരുമാനം ഈ ശ്രമത്തിന്റെ ഭാഗമാണെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. ഏറ്റവും വലിയ എണ്ണ ഉപഭോക്താവായ ഇന്ത്യയിലാണ് കൂടുതൽ എണ്ണ ശുദ്ധീകരണവും നടക്കുന്നതെന്ന് സെർജിയോ ഗോർ പറഞ്ഞു.

## SENSEX+ GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 1342 പോയിന്റ് ഇടിഞ്ഞ് 76,864 ലും നിഫ്റ്റി 395 പോയിന്റ് നഷ്ടത്തിൽ 23,867 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില പവന് 680 രൂപ വർധിച്ച് ഒരു ലക്ഷത്തി 19,760 രൂപയും ഗ്രാമിന് 14,970 രൂപയുമാണ് ഇന്നത്തെ വില.

## AIR INDIA- PHUKET

ഹൈദരാബാദിൽ നിന്ന് തായ്ലൻഡിലെ ഫുക്കറ്റിലേക്ക് പോയ എയർ ഇന്ത്യ എക്സ്പ്രസ് വിമാനത്തിന് ലാൻഡിങ്ങിനിടെ തകരാർ. ലാൻഡ് ചെയ്യുന്നതിനിടെ നോസ് വീൽ തകരാറിലായതോടെ വിമാനം റൺവേയിൽ കുടുങ്ങുകയായിരുന്നു. പിന്നാലെ ഫുക്കറ്റ് വിമാനത്താവള ത്തിലെ റൺവേ അടച്ചു. ബോയിംഗ് 737-മാക്സ് 8 വിമാനത്തിലുണ്ടായിരുന്ന യാത്രക്കാരെ സുരക്ഷിതരാക്കിയതായി എയർ ഇന്ത്യ പ്രസ്താവനയിൽ അറിയിച്ചു.

## NITI AAYOG - FISCAL HEALTH INDEX

ഫിസ്കൽ ഹെൽത്ത് ഇൻഡക്സിന്റെ രണ്ടാം പതിപ്പ് പുറത്തിറക്കി നീതി ആയോഗ്. സംസ്ഥാനങ്ങളുടെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിനാ യുള്ള നിരവധി മുൻഗണനാ നയങ്ങൾ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

വരുമാന ശേഖരണം, നികുതി ശേഷി ശാക്തീകരണം, മൂലധന ചെലവുകളുടെ ഉപയോഗം മെച്ചപ്പെടുത്തൽ എന്നീ വിഷയങ്ങളാണ് റിപ്പോർട്ടിൽ പ്രധാനമായും പരാമർശിച്ചിട്ടുള്ളത്.

☸☸☸☸☸☸☸☸☸☸☸☸☸

## HEAT WAVE

കേരളത്തിൽ പകൽ താപനില വർധിക്കുന്നു. ഇതോടൊപ്പം അൾട്രാവയലറ്റ് സൂചിക ഉയർന്നതിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. ഉയർന്ന ചൂട്, സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് ജാഗ്രത നിർദേശത്തിൽ പറയുന്നു. വിവിധ ജില്ലകളിൽ ഇന്നും നാളെയും ഉയർന്ന താപനിലയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി.

☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸☸☸
☸☸☸☸☸☸
☸☸
☸